"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - ആലപ്പുഴ ജില്ല - മാരാരിക്കുളം വടക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ 2024 ഡിസംബർ മാസത്തിൽ നടത്തിയ ബീച്ച് ഫെസ്റ്റിന് തനത് ഫണ്ട് ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.376/2025/LSGD തീയതി,തിരുവനന്തപുരം, 06-02-2025

---

പരാമർശം:-

1. ശ്രീ.പി.പി.ചിത്തരഞ്ജൻ , ആലപ്പുഴ എം.എൽ.എ. മുഖേന ലഭ്യമായ മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 20.11.2024 തീയതിയിലെ കത്ത്.
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 20-01-2025 തീയതിയിലെ LSGD/PD/42427/2024-GEB4 നമ്പർ കത്ത്.

**ഉത്തരവ്**

ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം വടക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ 2024 ഡിസംബർ മാസത്തിൽ നടത്തിയ മാരാരിക്കുളം ബീച്ച് ഫെസ്റ്റ് നടത്തിപ്പിന് പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും 10 ലക്ഷം രൂപ ചെലവഴിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കണമെന്ന് പരാമർശം (1) പ്രകാരം അപേക്ഷ ലഭ്യമായിരുന്നതും പ്രസ്തുത പരിപാടിയുടെ വരവ് ചെലവ് കണക്കുകൾ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം സർക്കാരിലേയ്ക്ക് ലഭ്യമാക്കിയിരുന്നതുമാണ്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2024 ഡിസംബർ മാസത്തിൽ മാരാരിക്കുളം വടക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച മാരാരിക്കുളം ബീച്ച് ഫെസ്റ്റിവലിന് മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും **10,00,000/- രൂപ (പത്തു ലക്ഷം രൂപ മാത്രം)** ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഹർഷ വി എസ് കെ എ എസ്
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ഐ & പി.ആർ.ഡി/വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sindhumole K A
സെക്ഷൻ ഓഫീസർ
Date: 06-02-2025 17:06:29

പകർപ്പ് : ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്.
ബഹു. ആലപ്പുഴ എം എൽ എയുടെ പി.എസ്സ്.